(ബി) പാർട്ട് ടൈം കോഴ്സിന് പഠിക്കുന്നതിനുവേണ്ടി ഒരു ഇലക്ട്രീഷ്യനെ തിരുവനന്തപുരം സെൻട്രൽ പ്രസ്സിൽ അദർ ഡ്യൂട്ടിയിൽ നിയമിച്ചിട്ടുണ്ട്.

(സി) ടിയാന്റെ പാർട്ട് ടൈം കോഴ്സ് തീരുന്ന മുറയ്ക്ക് അദർ ഡ്യൂട്ടി അവസാനിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**അച്ചടി വകുപ്പിൽ അദർ ഡ്യൂട്ടി നൽകുന്നതിന്റെ മാനദണ്ഡം**

**96 (4037)** ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവർഗ്ഗ സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പിൽ അദർ ഡ്യൂട്ടി നൽകുന്നതിന്റെ മാനദണ്ഡം എന്താണ് ;

(ബി) കോഴിക്കോട് സർക്കാർ പ്രസ്സിൽ എത്ര പ്രിന്റർ തസ്തികകളാണുള്ളത് എന്നും ഇപ്പോൾ എത്ര പ്രിന്റർമാരാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കാമോ ;

(സി) ഇവർക്ക് അദർ ഡ്യൂട്ടി നിയമനം നൽകിയതിന്റെ മാനദണ്ഡം വെളിപ്പെടുത്താമോ ;

(ഡി) ഇപ്രകാരമുള്ള നിയമനം മാതൃസ്ഥാപനങ്ങളിലെ ജോലിയെ ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത്തരം നിയമനങ്ങൾ അവസാനിപ്പിക്കുന്നതിന് നടപടി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അത്യാവശ്യ ജോലികളെ ബഡ്ജറ്റ്, ടെക്സ്റ്റ് ബുക്ക്, നിയമസഭാ സമ്മേളനത്തോടനുബന്ധിച്ചുള്ള അച്ചടി എന്നിവ നടക്കുമ്പോഴും, ചില പ്രസ്സുകളിൽ അനുവദനീയമായ തസ്തിക ഇല്ലാത്തതിനാലും അദർ ഡ്യൂട്ടി അനുവദിക്കാറുണ്ട്.

(ബി) അഞ്ച് പ്രിന്റർ തസ്തികകളുണ്ട്. 13 പ്രിന്റർമാർ ജോലി ചെയ്യുന്നുണ്ട്.

(സി) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിൽ പുതിയ യന്ത്രോപകരണങ്ങൾക്ക് ആവശ്യമായ തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാലും പാഠപുസ്തകങ്ങളുടെ അച്ചടി നടക്കുന്നതിനാലുമാണ് അദർ ഡ്യൂട്ടി അനുവദിച്ചിരിക്കുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

**പാലക്കാട് ഗവ: പ്രസ്സ് ബയന്റർ തസ്തികയിലെ ഒഴിവുകൾ**

**97 (4038)** ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികജാതിവർഗ്ഗ സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ഗവ: പ്രസ്സ് ബയന്റർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

22 ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകൾ പാലക്കാട് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്.

## (iii) വൈകിക്കിട്ടിയ ഉത്തരങ്ങൾ

**താരിഫ് റഗുലേറ്ററി കമ്മീഷന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾ**

**98 (3898)** ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വൈദ്യുതി നിരക്ക് പരീക്ഷണത്തിനുശേഷം ബോർഡിന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) താരിഫ് റഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനപരിധിയിൽ പ്രധാനമായും വരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2002 ഒക്ടോബറിൽ നിലവിൽ വന്ന താരിഫ് പരിഷ്ക്കരണംമൂലം 31-3-2003 വരെ ഏകദേശം 225 കോടി രൂപ അധിക വരുമാനമായി ലഭിച്ചു.

(ബി) താരിഫ് റഗുലേറ്ററി കമ്മീഷന്റെ പ്രവർത്തന പരിധിയിൽ പ്രധാനമായും വരുന്ന കാര്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വൈദ്യുതി ബോർഡിന് ഇപ്പോഴത്തെ റവന്യൂ വരവും റവന്യൂ ചെലവും**

**99 (3899)** ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ടി. പി. എം. സാഹിർ :
ശ്രീ. യു. സി. രാമൻ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഉത്തരം

2002-03-ലെ പ്രാരംഭ കണക്കുകൾ പ്രകാരം മൊത്തം റവന്യൂ വരവ് 2646 കോടി രൂപയും റവന്യൂ ചെലവ് 3465 കോടി രൂപയുമാണ്. വൈദ്യുതി വാങ്ങിയ ഇനത്തിലും പലിശ ഇനത്തിലുമാണ് കൂടുതൽ തുക ചെലവായത്. ഒരു യൂണിറ്റ് വൈദ്യുതിക്ക് ചെലവാകുന്ന തുകയേക്കാൾ കുറവാണ് ഉപഭോക്താവിൽ നിന്നും ലഭിക്കുന്ന ശരാശരി വില. അതുകൊണ്ടാണ് റവന്യൂ ചെലവ് റവന്യൂ വരവിനേക്കാൾ കൂടുതലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly